**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 177/2020/തസ്വഭവ. തീയതി, തിരുവനന്തപുരം,23.01.2020

പരാമർശം :- 1. ആലപ്പുഴ ജില്ലാ കളക്ടറുടെ 02.05.2016 തീയതിയിലെ എം.1-1600/16(ജി) നമ്പർ കത്ത്.

2. ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗൻ നൽകിയ 11.07.2016 തീയതിയിലെ ഇ.യു.1/199/2016/തസ്വഭവ നമ്പർ കുറ്റപ്പത്രം.
3. കുറ്റപ്പത്രത്തിന് ശ്രീ. അരുൺ രംഗൻ സമർപ്പിച്ച 29.08.2016 തീയതിയിലെ പ്രതിവാദ പത്രിക.
4. നഗരകാര്യ ഡയറക്ടറുടെ 30/11/2016, 17.12.2019 തീയതികളിലെ വി.1-10556/2016 നമ്പർ കത്തുകൾ.
5. 15.03.2019 തീയതിയിലെ സ.ഉ (സാധാ) നം. 635/2019/തസ്വഭവ
6. ശ്രീ. അരുൺ രംഗന് നൽകിയ 20.11.2019 തീയതിയിലെ ഇ.യു.1-199/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അരുൺ രംഗൻ സമർപ്പിച്ച 05.12.2019 തീയതിയിലെ മറുപടി.

**ഉത്തരവ്**

2016 -ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പ് ആവശ്യത്തിലേക്ക് ആലപ്പുഴ നഗരസഭയിലെ കെ.എൽ 04 AA-7777 വാഹനം ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയെന്ന ക്രമക്കേട് സംബന്ധിച്ച് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺരംഗനെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള കടുത്ത ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു. കുറ്റപത്രത്തിന് ശ്രീ. അരുൺ രംഗൻ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക സർക്കാർ

പരിശോധിക്കുകയും1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥയായി അഡീഷണൽ സെക്രട്ടറി ശ്രീമതി. മിനിമോൾ എബ്രഹാമിനെ പരാമർശം 5 പ്രകാരം നിയമിച്ചിരുന്നു.

2. അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിൽ ആലപ്പുഴ കളക്ടറുടെ ഉത്തരവ് കണ്ടതിന് ശേഷമാണ് വാഹനം അറ്റകുറ്റപണിക്കായി ഹെർക്കുലീസ് ഓട്ടോമൊബൈൽസിൽ എത്തിച്ചിട്ടുള്ളത് എന്നും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ 29.04.2016-ലെ പരിശോധനയിൽ, എന്ത് അറ്റകുറ്റപണിക്കാണ് വാഹനം എത്തിച്ചത് എന്ന് മെക്കാനിക്കിന് പറയാൻ കഴിയാതെ വന്നതും, 30.04.2016-ന് പുറത്തിറക്കിയ വാഹനത്തിന്റെ റിപ്പയറിങ്ങിന്റെ ബിൽ ഹെർക്കുലീസ് ഓട്ടോമൊബൈൽസിൽ നിന്നും നൽകാത്തതും ഇത് സാധൂകരിക്കുന്നതായും മാത്രമല്ല, വാഹനം കേടായതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല, പേയ്മെന്റ് നടത്തിയിട്ടില്ല എന്നതും തെളിഞ്ഞിട്ടുള്ളതായും ഇലക്ഷൻ അടിയന്തര ഘട്ടമായിട്ടും, വാഹനം വിട്ടു നൽകാതിരിക്കാൻ വേണ്ടി വഞ്ചനാപൂർവ്വമായ നടപടികൾ സ്വീകരിച്ചതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗൻ കുറ്റക്കാരനാണെന്ന് കാണുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

3. അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ (ജില്ലാ കളക്ടർ) നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ശ്രീ. അരുൺ രംഗന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ടിയാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിരുന്നു. ആയതിനാൽ ശ്രീ. അരുൺ രംഗനെതിരായ അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1) (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ആറ് മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കാൻ സർക്കാർ താൽക്കാലികമായി തീരുമാനിക്കുകയും ആയത് പരാമർശം 6 പ്രകാരം

ടിയാനെ അറിയിക്കുകയും ചെയ്തിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അരുൺ രംഗൻ സമർപ്പിച്ച മറുപടിയിൽ സർക്കാരിന്റെ താത്ക്കാലിക തീരുമാനത്തിൽ നിന്ന് ടിയാനെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

4. അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച റിപ്പോർട്ട് വസ്തുതാപരമാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിഷയത്തിൽ ആലപ്പുഴ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. അരുൺ രംഗന്റെ ഭാഗത്തു നിന്നും വീഴ്ച വന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1) (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ആറ് മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
കളക്ടർ, ആലപ്പുഴ ജില്ല
ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ